പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1900 — 25.03.2013 ൽ മറുപടിക്ക്

## അന്യസംസ്ഥാനതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര ലക്ഷത്തോളം അന്യസംസ്ഥാനതൊഴിലാളികൾ ഉണ്ടെന്നാണ് ആഭ്യന്തരവകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര ലക്ഷം പേർ പോലീസ് സ്റ്റേഷനുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രതിവർഷം എത്ര അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വരുന്നുവെന്നാണ് ആഭ്യന്തരവകുപ്പിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്; ഇത്തരം തൊഴിലാളികളുടെ പ്രതിവർഷസമ്പാദ്യം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ആഭ്യന്തര വകുപ്പ് ഇതു സംബന്ധിച്ച പഠനങ്ങളോ വിവര ശേഖരണമോ നടത്തിയിട്ടില്ല. |
| (സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് സ്റ്റേഷനുകളിൽ പേര് രജിസ്റ്റർ ചെയ്യാൻ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു പോരുന്നത്; വ്യക്തമാക്കുമോ; | (സി) ഓരോ പോലീസ് സ്റ്റേഷനിലും Migrant Labour Register എന്ന പേരിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള സ്പോൺസർമാരിൽ നിന്നും പ്രസ്തുത തൊഴിലാളികളുടെ അഡ്രസ്സ്, ഐഡന്റിഫിക്കേഷൻ സംബന്ധിച്ചുള്ള വിശദാംശങ്ങൾ. ഫോട്ടോ എന്നിവ ശേഖരിച്ച് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നു. |

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കൊലപാതകം, പിടിച്ചുപറി, മോഷണം, തട്ടികൊണ്ടുപോകൽ എന്നീ ഇനങ്ങളിലായി എത്ര അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ കേസ്സെടുത്തു; ഈ കാലയളവിൽ എത്ര പേർ ജയിലിലായി; വിശദമാക്കുമോ;

(ഡി) 327 അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെ കേസെടുത്തു. ഈ കാലയളവിൽ 260 പേർ വിവിധ കേസുകളിലായി ജയിലിലാണ്.

(ഇ) ഇപ്രകാരമുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ച തോതിലുള്ള വരവ് സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലും ക്രമസമാധാന മേഖലയിലും മാറ്റങ്ങൾ വരുത്താൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

(ഇ) അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധിച്ച തോതിലുള്ള വരവ് സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലും ക്രമസമാധാന മേഖലയിലും മാറ്റങ്ങൾ വരുത്താൻ സാധ്യതയുള്ളതായി കാണുന്നുണ്ട്. മാനവശേഷി ആവശ്യമായ മിക്ക മേഖലകളിലും അന്യസംസ്ഥാന തൊഴിലാളികളാണ് ഇന്ന് പണിയെടുക്കുന്നത്. നിർമ്മാണം, ഖനനം, പ്ലൈവുഡ് തുടങ്ങി പല വ്യവസായങ്ങളിലും ഇന്ന് ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്തെ തൊഴിലാളികളെക്കാൾ കുറഞ്ഞ വേതനം നൽകിയാൽ മതി എന്നതിനാൽ ഇവരെ തൊഴിലുടമകൾ അധികമായി ആശ്രയിക്കുന്നുണ്ട്. പരിമിതമായ താമസസൗകര്യങ്ങളിൽ കൂട്ടമായി താമസിക്കുന്ന ഇവർ ചെറിയ തോതിലെങ്കിലും സാമൂഹിക പ്രശ്നങ്ങൾക്ക് ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

| SL No | District | Migrant laboures | Registered in Police Station | Annual report | Annual income | Murder cases | Snaching | Theft | Kidnapping | In jail |
|---|---|---|---|---|---|---|---|---|---|---|
| 1 | Thruvananthapuram City | 4866 | 4866 | 0 | 0 | 8 | 1 | 18 | 1 | 28 |
| 2 | Thiruvananthapuram Rural | 5536 | 5536 | 0 | 0 | 0 | 0 | 6 | 0 | 6 |
| 3 | Kollam City | 3489 | 3489 | 0 | 0 | 0 | 0 | 2 | 4 | 6 |
| 4 | Kollam Rural | 2026 | 2026 | 0 | 0 | 2 | 0 | 6 | 1 | 9 |
| 5 | Pathanamthitta | 4575 | 4575 | 0 | 0 | 3 | 4 | 12 | 0 | 12 |
| 6 | Alappuzha | 3292 | 3292 | 0 | 0 | 8 | 0 | 8 | 0 | 13 |
| 7 | Kottayam | 8064 | 8064 | 0 | 0 | 0 | 0 | 8 | 0 | 6 |
| 8 | Idukki | 1148 | 1148 | 0 | 0 | 0 | 0 | 0 | 0 | 0 |
| 9 | Ernakulam City | 8544 | 8544 | 0 | 0 | 11 | 12 | 49 | 0 | 83 |
| 10 | Ernakulam Rural | 10510 | 10510 | 0 | 0 | 8 | 0 | 52 | 1 | 3 |
| 11 | Trissur City | 10000 | 5133 | 0 | 0 | 1 | 1 | 4 | 0 | 7 |
| 12 | Trissur rural | 5501 | 5501 | 0 | 0 | 4 | 0 | 8 | 0 | 12 |
| 13 | Palakkad | 4805 | 4805 | 0 | 0 | 5 | 0 | 2 | 0 | 7 |
| 14 | Malappuram | 5886 | 5886 | 0 | 0 | 3 | 1 | 30 | 0 | 30 |
| 15 | Kozhikkod City | 4268 | 4268 | 0 | 0 | 1 | 2 | 1 | 0 | 3 |
| 16 | Kozhikkode Rural | 2104 | 2104 | 0 | 0 | 0 | 2 | 3 | 0 | 4 |
| 17 | Wayanad | 801 | 801 | 0 | 0 | 1 | 0 | 2 | 0 | 3 |
| 18 | Kannur | 6652 | 6652 | 0 | 0 | 6 | 1 | 3 | 2 | 10 |
| 19 | Kasaragod | 3450 | 3450 | 0 | 0 | 5 | 1 | 1 | 0 | 6 |
| 20 | Railways | 0 | 0 | 0 | 0 | 0 | 1 | 11 | 0 | 12 |
| | **TOTAL** | **95517** | **90650** | **0** | **0** | **66** | **26** | **226** | **9** | **260** |